بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 14.08.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ ബദരീ സ്വഹാബിയായ ഹദ്റത്ത് സഅദുബ്നു അബീ വഖാസ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു; ഹദ്റത്ത് സഅദുബ്നു അബീ വഖാസ്(റ)നെ ക്കുറിച്ചായിരുന്നു വിവരിച്ചുകൊണ്ടിരുന്നത്. അദ്ദേഹത്തെ കുറിച്ചു തന്നെ ഇന്നും കുറച്ചു കാര്യങ്ങൾ വിവരിക്കുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; ഹദ്റത്ത് സഅദുബ്നു അബീവഖാസ്(റ) നബി(സ)തിരുമേനിയുടെ സവിശേഷ സ്വഹാബാക്കളിൽ ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹത്തെ ഇറാൻ സൈന്യത്തിനെതിരായ യുദ്ധത്തിൽ ഇസ്‌ലാമിന്റെ സൈനിക കമാന്റർ ആയി നിയമിച്ചിരുന്നു. യാദൃശ്ചികമായി അദ്ദേഹത്തിന്റെ തുടയിൽ ഒരു കുരു ഉണ്ടാകുകയും അത് ദീർഘകാലം നിലനിൽക്കുകയും ചെയ്തു. നിരവധി ചികിത്സകൾ നടത്തിയെങ്കിലും ഫലമുണ്ടായില്ല. താൻ രോഗശയ്യയിൽ കിടക്കുകയാണെന്ന് സൈന്യം കാണുകയാണെങ്കിൽ അവരുടെ കമാന്റർ അവരുടെ കൂടെയില്ല എന്ന കാരണത്താൽ അവർ ആത്മധൈര്യം വെടിയുന്നതാണെന്ന് അദ്ദേഹം ചിന്തിച്ചു. അതുകൊണ്ട് അദ്ദേഹം സമീപത്തുള്ള ഒരു വൃക്ഷത്തിനു മുകളിൽ ഒരു ഇരിപ്പിടം നിർമ്മിച്ചു. അദ്ദേഹം ആളുകളുടെ സഹായത്തോടെ അതിൽ കയറിയിരിക്കുമായിരുന്നു. മുസ്‌ലിം സൈന്യം തന്നെ കാണുന്നതിനും തങ്ങളുടെ കമാന്റർ കൂടെയുണ്ടെന്ന് അവർക്ക് ബോധ്യമാകുന്നതിനും വേണ്ടി. ആ സമയത്താണ് ഒരു അറേബ്യൻ നേതാവ് മദ്യപിച്ചതായി അദ്ദേഹത്തിനു വിവരം ലഭിച്ചത്. അങ്ങനെ അദ്ദേഹം അയാളെ തടവിലാക്കി. മദ്യപാനം എന്ന ദൗർബല്യമുണ്ടായിരുന്നുവെങ്കിലും അയാൾ ഒരു ധീരശൂര പരാക്രമിയായിരുന്നു. വലിയ ആവേശം അയാളിൽ ഉണ്ടായിരുന്നു. യുദ്ധത്തിൽ മുസ്‌ലിങ്ങൾക്കുണ്ടായ നഷ്ടങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ മുറിക്കകത്ത് അയാൾ കൂട്ടിലടച്ച സിംഹത്തെപ്പോലെ അസ്വസ്ഥനായി ഉലാത്തുമായിരുന്നു. ഉലാത്തിക്കൊണ്ട് അയാൾ ഇങ്ങനെ കവിത ചൊല്ലുന്നുണ്ടായിരുന്നു; അതിന്റെ അർത്ഥം ഇപ്രകാരമാണ്;

നിന്റെ ധീരതയുടെ മികവു കാണിച്ചുകൊണ്ട് ഇസ്‌ലാമിനെ രക്ഷിക്കുവാനുള്ള അവസരം ഇന്നായിരുന്നു, പക്ഷെ നീ ഇന്ന് ബന്ധനസ്ഥനാണ്. ഹദ്റത്ത് സഅദ്(റ)ന്റെ ഭാര്യ ഒരു ധീരവനിതയായിരുന്നു. അവർ ആ കവിത കേട്ടപ്പോൾ അയാളോട് പറഞ്ഞു; സഅദ് തടവിലാക്കിയ നിന്നെ ഞാൻ മോചിപ്പിച്ചാൽ അദ്ദേഹം എന്നെ വെറുതെ വിടുകയില്ല എന്ന് നിനക്കറിയാമല്ലോ. എന്നാൽ ഇസ്‌ലാമിനു വേണ്ടി ഉപകരിക്കപ്പെടണമെന്ന നിന്റെ ആഗ്രഹം നിറവേറാനായി നിന്നെ സ്വതന്ത്രനാക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അപ്പോൾ അയാൾ പറഞ്ഞു; ഇനി യുദ്ധമുണ്ടാകുമ്പോൾ എന്നെ തുറന്നുവിടുക. യുദ്ധം കഴിഞ്ഞാൽ ഉടനെ ഞാനീ മുറിയിൽ പ്രവേശിച്ചുകൊള്ളാമെന്ന് വാക്ക് തരുന്നു. ആ വനിതയുടെ ഹൃദയത്തിലും ഇസ് ലാമിനെക്കുറിച്ചുള്ള വേദനയും അതിനെ സംരക്ഷിക്കുവാനുള്ള ആവേശവുമുണ്ടായിരുന്നു. അങ്ങനെ അയാളെ തടവിൽ നിന്നും തുറന്നുവിട്ടു. അയാൾ യുദ്ധത്തിൽ പങ്കെടുത്തു. എത്രമാത്രം ധീരതയോടെ പോരാടിയെന്നാൽ അയാളുടെ ധീരത കണ്ടുകൊണ്ട് ഇസ്‌ലാമിക സൈന്യം പിറകോട്ടടിക്കാതെ മുന്നേറി. സഅദ് അയാളെ തിരിച്ചറിഞ്ഞു. പിന്നീട് പറയുകയുണ്ടായി; മദ്യപിച്ച കാരണത്താൽ ഞാൻ തടവിലാക്കിയ ആ വ്യക്തിയും ഇന്ന് യുദ്ധത്തിനുണ്ടായിരുന്നു. അയാൾ മുഖം മറച്ചിരുന്നുവെങ്കിലും അയാളുടെ ആക്രമണ ശൈലിയും അയാളുടെ പൊക്കവും കണ്ടാൽ എനിക്ക് മനസ്സിലാകും. അയാളെ തടവിൽ നിന്നും തുറന്നുവിട്ടത് ആരാണെന്ന് ഞാൻ കണ്ടെത്തുകയും ആ വ്യക്തിക്ക് കഠിനശിക്ഷ നൽകുകയും ചെയ്യുന്നതാണ്. സഅദിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഭാര്യക്ക് കോപം വന്നു. അവർ പറഞ്ഞു; നിങ്ങൾക്ക് ലജ്ജയില്ലേ? നിങ്ങൾ സ്വയം ഇരിപ്പിടത്തിൽ ഇരിക്കുകയും ശത്രുസേനയിൽ യാതൊരു വീഴ്ചയുമില്ലാതെ സ്വന്തം ജീവനെ വകവയ്ക്കാതെ ശത്രുസേനയിൽ നുഴഞ്ഞുകയറുന്ന ഈ വ്യക്തിയെ തടവിലിടുകയും ചെയ്തിരിക്കുന്നു. ഞാനാണ് ഈ വ്യക്തിയെ തുറന്നുവിട്ടത്. ഇനി നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്തു കൊള്ളൂ.

ഈ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ലജ്നക ളോടുള്ള ഒരു പ്രഭാഷണത്തിൽ വിവരിച്ചു കൊണ്ട് ഇസ്ലാമിൽ സ്ത്രീകളും വലിയ വലിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും അതുകൊണ്ട് അഹ്മദീ വനിതകൾ ഇന്നും അത്തരം മാതൃകകൾ കാഴ്ച വയ്ക്കേണ്ടതാണെന്നും പറയുകയുണ്ടായി.

ഖാദ്സിയ കീഴടക്കി കഴിഞ്ഞതിനു ശേഷം ഇസ്ലാം സൈന്യം ബാബിലോണിയയും കീഴടക്കി. ആ യുദ്ധത്തിൽ തന്നെ മദായിനും കീഴടക്കി. അങ്ങനെ അഹ്സാബ് യുദ്ധത്തിൽ നബി(സ)തിരുമേനി ചെയ്ത പ്രവചനം പൂർത്തിയായി.

അതിനു ശേഷം ഇനിയും മുന്നോട്ടു നീങ്ങാൻ ഹദ്റത്ത് സഅദ്, ഹദ്റത്ത് ഉമർ(റ)നോട് അനുമതി തേടി. അപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു പറഞ്ഞു; ഇനി മുന്നേറ്റം മതിയാക്കുക. അധീനപ്പെടുത്തിയ പ്രദേശങ്ങളിൽ നടപ്പിലാക്കേണ്ട നിയമനിർമ്മാണ വ്യവസ്ഥകളിലേക്ക് ശ്രദ്ധിക്കുക. അങ്ങനെ സഅദ് മദായിനെ കേന്ദ്രമാക്കി കൊണ്ട് നിയമ വ്യവസ്ഥിതികളുണ്ടാക്കുവാൻ ആരംഭിക്കുകയും കാര്യങ്ങളെല്ലാം ഭംഗിയായി നിറവേറ്റുകയും ചെയ്തു. പ്രജകളുടെ വാസത്തിനും ക്ഷേമത്തിനുമുള്ള ഏർപ്പാടുകൾ ചെയ്തു. യുദ്ധത്തിലുള്ള കഴിവുകളോടൊപ്പം തന്നെ സംഘടനാ പാടവവുമുണ്ടെന്ന് അദ്ദേഹം തന്റെ ആസൂത്രണ മികവിലൂടെയും ഭംഗിയായ പ്രവർത്തനത്തിലൂടെയും തെളിയിച്ചു കാട്ടി. മദായനിലെ വായുവും വെള്ളവും അറബികളുടെ പ്രകൃതത്തിന് അനുകൂലമല്ലാതായപ്പോൾ ഹദ്റത്ത് സഅദ് ഹദ്റത്ത് ഉമർ(റ)ന്റെ അനുവാദത്തോടെ പുതിയൊരു പട്ടണമുണ്ടാക്കി. അവിടെ വിവിധ അറബി ഗോത്രങ്ങളെ വ്യത്യസ്ഥ പ്രവിശ്യകളിലായി താമസിപ്പിച്ചു. ആ നഗരമധ്യത്തിലായി ഒരു പള്ളി പണിതു. അതിൽ ഒരേ സമയം നാല്പതിനായിരം ആളുകൾക്ക് നമസ്കരിക്കാമായിരുന്നു.

ഹിജ്രി 23 ന് ഹദ്റത്ത് ഉമർ(റ) ആക്രമിക്കപ്പെട്ടപ്പോൾ ജനങ്ങൾ പറഞ്ഞു; താങ്കൾ ഖിലാഫത്ത് പദവിയിലേക്കായി ആരെയെങ്കിലും നിശ്ചയിക്കണം. അപ്പോൾ ഹദ്റത്ത് ഉമർ(റ) ഒരു ഖിലാഫത്ത് ബോർഡിനെ നിയമിച്ചു. അതിലെ അംഗങ്ങൾ ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്, ഹദ്റത്ത് സഅദുബ്നു അബീ വഖാസ്, ഹദ്റത്ത് സുബൈറുബ്നു അവാം, ഹദ്റത്ത് ത്വൽഹ ഇബ്നു ഉബൈദുല്ലാഹ് എന്നിവരായിരുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു; അവരിൽ നിന്ന് ആരെയെങ്കിലും തെരെഞ്ഞെടുക്കുക കാരണം നബി(സ)തിരുമേനി അവരെ സ്വർഗ്ഗസ്ഥരെന്നു പറഞ്ഞിരിക്കുന്നു. പിന്നീട് പറഞ്ഞു, സഅദുബ്നു വഖാസ്(റ)നാണ് ഖിലാഫത്ത് പദവി ലഭിക്കുന്നതെങ്കിൽ അദ്ദേഹം തന്നെ ഖലീഫയാകട്ടെ മറിച്ച് നിങ്ങളിൽ മറ്റാരെങ്കിലും ഖലീഫയാകുകയാണെങ്കിൽ അദ്ദേഹം സഅദിന്റെ സഹായം തേടിക്കൊണ്ടിരിക്കുക.

ഹുസൂർ പറഞ്ഞു; ഹദ്റത്ത് ഉസ്മാന്റെ(റ) ഖിലാഫത്തുകാലത്ത് കലഹം പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിനെ ശമിപ്പിക്കുന്നതിനായുള്ള , സ്വഹാബാക്കളുടെ പ്രയത്നങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു; സ്വഹാബാക്കൾക്ക് ഹദ്റത്ത് ഉസ്മാന്റെ(റ) അടുക്കൽ ഒരുമിച്ചു കൂടുവാനുള്ള അവസരം നൽകപ്പെട്ടിരുന്നില്ല എന്നിട്ടും അവർ അവരുടെ കർത്തവ്യപാലനത്തിൽ അലംഭാവം കാണിച്ചില്ല. ആ സമയത്തുള്ള സാഹചര്യത്തിനൊത്ത് അവർ തങ്ങളെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുകയായിരുന്നു. പ്രായം ചെന്നവരും പെരുമാറ്റം കാരണം സമൂഹത്തിൽ സ്വാധീനമുള്ളവരുമായവരും തങ്ങളുടെ സമയങ്ങൾ ജനങ്ങൾക്ക് കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിൽ ചിലവിഴിച്ചു. അങ്ങനെ സ്വാധീനമൊന്നുമില്ലാത്ത സാധാരണക്കാരും, യുവാക്കളും ആയവർ ഹദ്റത്ത് ഉസ്മാൻ(റ)നെ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു. ആദ്യം പറഞ്ഞ കൂട്ടരിൽ ഹദ്റത്ത് അലി, ഹദ്റത്ത് സഅദുബ്നു അബീ വഖാസ്, ഫാതിഹ് ഫാരിസ് എന്നിവർ ഫിത്ന ഇല്ലാതാക്കുന്നതിനു വേണ്ടി കൂടുതൽ പരിശ്രമിച്ചു കൊണ്ടിരിക്കുന്നവരായിരുന്നു. ഹദ്റത്ത് ഉസ്മാന്റെ(റ) ഖിലാഫത്തിനു ശേഷം ഹദ്റത്ത് അലിയുടെ ഖിലാഫത്ത് കാലത്തും ഹദ്റത്ത് സഅദ് ഏകാന്ത വാസത്തിലായിരുന്നു. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അലിയുടെയും അമീർ മുആവിയായുടെയും ഇടയിൽ അഭിപ്രായ ഭിന്നതയുണ്ടായപ്പോൾ അമീർ മുആവിയ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ, ഹദ്റത്ത് സഅദുബ്നു അബീവഖാസ്, ഹദ്റത്ത് മുഹമ്മദുബ്നു മസ്ലിമ എന്നീ മൂന്നു സ്വഹാബാക്കളെ സഹായത്തിനായി വിളിച്ചുകൊണ്ട് കത്തെഴുതി. ഹദ്റത്ത് അലിക്കെതിരായി എന്നെ സഹായിക്കണമെന്ന് അവർക്കെഴുതി. അവർ മൂന്നു പേരും അത് നിഷേധിച്ചു.

ഒരിക്കൽ അമീർ മുആവിയ ഹദ്റത്ത് സഅദിനോട് ചോദിച്ചു; ഹദ്റത്ത് അലിയെ തള്ളിപ്പറയുന്നതിൽ നിന്നും നിങ്ങളെ തടഞ്ഞത് എന്താണ്? ഹദ്റത്ത് സഅദ് പറഞ്ഞു; നബി(സ)തിരുമേനി അദ്ദേഹത്തെക്കുറിച്ചു പറഞ്ഞ മൂന്നു കാര്യങ്ങളിൽ ഒരു കാര്യമെങ്കിലും എന്നിലുണ്ടായിരുവെങ്കിൽ ചെമന്ന ഒട്ടകത്തേക്കാളും എനിക്കത് പ്രിയങ്കരമായിരുന്നു. അതിലൊന്ന് ഇതാണ്; ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് അലി(റ)യെ ഒരു യുദ്ധത്തിൽ നിന്നും തടഞ്ഞു നിർത്തി. അപ്പോൾ ഹദ്റത്ത് അലി(റ) നബി(സ) തിരുമേനിയോടു ചോദിച്ചു താങ്കളെന്നെ സ്ത്രീകളുടെയും കുട്ടികളുടെയും കൂട്ടത്തിൽ ഉപേക്ഷിച്ചു പോകുകയാണോ? അപ്പോൾ നബി(സ) തിരുമേനി മറുപടി പറഞ്ഞു. നിനക്ക് ഞാനു

മായുള്ള ബന്ധം ഹാറൂന് മൂസായോടുണ്ടായിരുന്ന ബന്ധം പോലെയാണെന്നതിൽ നീ സന്തോഷിക്കുന്നില്ലേ? എനിക്കു ശേഷം നിനക്ക് നുബുവ്വത്ത് ലഭിക്കുന്നതല്ല എന്ന വ്യത്യാസം മാത്രമേയുള്ളൂ. രണ്ടാമത്തെ കാര്യം, നബി(സ) തിരുമേനി ഖൈബർ യുദ്ധവേളയിൽ ഇപ്രകാരം പറയുകയുണ്ടായി, അല്ലാഹുവിനോടും അവന്റെ റസൂലിനോടും സ്നേഹമുള്ള അതുപോലെ തിരിച്ച് അല്ലാഹുവിനും അവന്റെ റസൂലിനും സ്നേഹമുള്ള ഒരു വ്യക്തിക്കാണ് ഞാൻ ഇന്ന് ഇസ്‌ലാമിന്റെ പതാക നല്കുക. ശേഷം നബി(സ)തിരുമേനി അദ്ദേഹത്തിന് ഇസ്‌ലാമിന്റെ പതാക നൽകി. ആ ദിവസം തന്നെ അല്ലാഹു മുസ്‌ലിങ്ങൾക്ക് വിജയം നൽകുകയുണ്ടായി. മൂന്നാമത്തെ കാര്യമായി അദ്ദേഹം പറഞ്ഞത്; *ഫഖുൽ തആലൗ നദ്ഉ അബ്നാഅനാ വ അബ്നാഅക്കും വ നിസാഅനാ വ നിസാഉക്കും* അതായത് നീ പറയുക വരൂ, ഞങ്ങൾ ഞങ്ങളുടെ സന്താനങ്ങളെ വിളിക്കാം, നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെയും വിളിക്കുക. ഞങ്ങൾ ഞങ്ങളുടെ സ്ത്രീകളെ വിളിക്കാം, നിങ്ങൾ നിങ്ങളുടെ സ്ത്രീകളെയും വിളിക്കുക. എന്ന ആയത്ത് ഇറങ്ങി യപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അലി(റ) യെ യും ഹദ്റത്ത് ഫാത്വിമ (റ)യെയും ഹദ്റത്ത് ഹസൻ(റ) നെയും ഹദ്റത്ത് ഹുസൈൻ(റ) നെയും വിളിച്ചു. എന്നിട്ടു പറഞ്ഞു അല്ലാഹുവേ, ഇതാണെന്റെ കുടുംബം.

ഹദ്റത്ത് സഅദുബ്നു അബീ വഖാസ്(റ)ന്റെ മകൻ മിസ്അബുബ്നു സഅദ് വിവരിക്കുന്നു; എന്റെ പിതാവ് മരണാസന്നനായപ്പോൾ അദ്ദേഹത്തിന്റെ ശിരസ്സ് എന്റെ മടിയിലായിരുന്നു. എന്റെ കണ്ണു നിറഞ്ഞു. അദ്ദേഹം എന്നെ നോക്കി, എന്നോട് പറഞ്ഞു; എന്റെ പ്രിയപ്പെട്ട മകനേ നീ എന്തിനാണു കരയുന്നത്? ഞാൻ പറഞ്ഞു: താങ്കളുടെ മരണത്തിലുള്ള ദുഃഖവും പിന്നെ താങ്കൾക്കു ശേഷം താങ്കൾക്കു പകരക്കാരനായി ആരുമില്ല എന്ന ദുഃഖവും കാരണം. അപ്പോൾ സഅദ് പറഞ്ഞു; എന്നെയോർത്ത് കരയണ്ട. അല്ലാഹു എനിക്കൊരിക്കലും ശിക്ഷ നൽകുകയില്ല. ഞാൻ സ്വർഗസ്ഥനാകുന്നു. ഹദറത്ത് സഅദുബ്നു അബീ വഖാസ് ഹിജ്റ 55 ന് വഫാത്തായി. മരണസമയത്ത് അദ്ദേഹത്തിന് എഴുപത് വയസ്സിലധികം പ്രായമുണ്ടായിരുന്നു. ഹദ്റത്ത് മർവാൻ ബിന് ഹകം ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. അദ്ദേഹം ആ സമയത്ത് മദീനയുടെ ഭരണാധികാരിയായിരുന്നു. പ്രവാചക പത്നിമാരും അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുത്തു. ജന്നത്തുൽ ബഖീഇൽ അദ്ദേഹത്തെ അടക്കം ചെയ്തു. ചിലയാളുകൾ ഉമ്മഹാത്തുൽ മുഅ്മിനീന്റെ ഈ പ്രവൃത്തിയെ ആക്ഷേപിക്കുകയുണ്ടായി. അപ്പോൾ ഹദ്റത്ത് ആയിശ(റ) പറഞ്ഞു; ജനാസ പള്ളിക്കകത്തു കൂടെ കൊണ്ടുപോയി എന്നതിൽ ചിലർ ഞങ്ങളുടെ മേൽ ആക്ഷേപം ഉന്നയിക്കുന്നു. എന്നാൽ നബി(സ)തിരുമേനിയാണെങ്കിൽ സഹലുബ്നു ബൈളാഇന്റെ ജനാസ നമസ്കരിപ്പിച്ചത് തന്നെ പള്ളിക്കകത്തു വച്ചാണ്. ഹദ്റത്ത് സഅദ് വിവിധസന്ദർഭങ്ങളിൽ ഒൻപത് വിവാഹങ്ങൾ കഴിച്ചിരുന്നു. അതിൽ അല്ലാഹു അദ്ദേഹത്തിന് 34 സന്താനങ്ങളെ നൽകുകയുണ്ടായി. അതിൽ 17 ആൺമക്കളും 17 പെൺമക്കളുമായിരുന്നു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ ബഹുമാന്യരായ സഫ്ദർ അലി ഗുജർ സാഹിബ്, ഇഫ്ഫത് നസീർ സാഹിബ, അബ്ദു റഹീം സാഖി സാഹിബ്, ബഹുമാന്യ സഈദ് അഹ്മദ് സഹ്ഗൽ സാഹിബ് എന്നിവരുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ വിവരിക്കുകയും ജുമുആ നമസ്കാരാനന്തരം അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 14.08.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516